**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 177

**03.02.2020 ൽ**
**മറുപടിയ്ക്ക്**

# കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ

ചോദ്യം

ശ്രീ. ആർ.രാമചന്ദ്രൻ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് പുതിയ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പട്ടിക ലഭ്യമാക്കുമോ;

(എ) കേന്ദ്ര സർക്കാർ സ്കീം പ്രകാരം തീരദേശ സുരക്ഷാ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 8 തീരദേശ പോലീസ് സ്റ്റേഷനുകളും, രണ്ടാം ഘട്ടത്തിൽ 10 തീരദേശ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ മൂന്നാം ഘട്ടത്തിൽ അനുവദനീയമായ 6 തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രൊപ്പോസലിനോടൊപ്പം ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ കൂടി ഉൾപ്പെടുത്തി (ആകെ 7) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സർക്കാർ അയച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

1) തുമ്പ - തിരുവനന്തപുരം സിറ്റി
2) ഇരവിപുരം - കൊല്ലം സിറ്റി
3) തൃക്കുന്നപ്പുഴ - ആലപ്പുഴ
4) ആലപ്പുഴ കടപ്പുറം - ആലപ്പുഴ
5) വലപ്പാട് - തൃശ്ശൂർ റൂറൽ
6) താനൂർ - മലപ്പുറം
7) വലിയഴീക്കൽ - ആലപ്പുഴ

(ബി) കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാ-മാണെന്ന് വിശദീകരിക്കുമോ;

(ബി) തീരദേശ ജനസംഖ്യ, തീരദേശത്തെ തന്ത്ര പ്രധാനമായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ഷിപ്പിംഗ് ഹാർബർ, ബോട്ട് ജെട്ടി, ലാൻഡിംഗ് പോയിന്റ്, വിനോദ സഞ്ചാരികളുടെ സന്ദർശനം, സംഘർഷ സാധ്യത, തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ

| | | |
|---|---|---|
| | | തീരദേശത്തിന്റെ സാദ്ധ്യത ഉപയോഗി ക്കുന്നത് ചെറുക്കുക എന്നിങ്ങനെയുള്ള നിരവധി സാധ്യതകൾ മുൻനിർത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശയിന്മേൽ കേന്ദ്ര സർക്കാരാണ് പുതിയ തീരദേശ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. |
| (സി) | കായംകുളം ഫിഷിംഗ് ഹാർബർ ഉൾപ്പെടെയുള്ള തന്ത്രപ്രധാനമായ സ്ഥാപനങ്ങൾ നിലകൊള്ളുന്ന ആലപ്പാട് ഗ്രാമപഞ്ചായത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) കേന്ദ്ര സർക്കാർ സ്കീം പ്രകാരം മൂന്നാം ഘട്ടത്തിൽ അനുവദനീയമായ 6 തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രൊപ്പോസ- ലിനൊപ്പം ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ കൂടി അധികമായി ഉൾപ്പെടുത്തി (ആകെ 7) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ